**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **10-02-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവർത്തിയ്ക്ക് 11.02.2020 – ലെ ഉത്തരവ് നം. LSG001-02/APR-1/2020/KIIFB പ്രകാരം 11.1390 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ കിഫ്ബി പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി പുതുക്കിയ എസ്റ്റിമേറ്റുകൾ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തിക്ക് സാങ്കേതിക അനുമതിയും ഇതുവരെ ലഭിച്ചിട്ടില്ല. പുതുക്കിയ ധനാനുമതിക്കായി പദ്ധതി നിർവ്വഹണ ഏജൻസി 20-07-2024 ന് കിഫ്ബിയിൽ സമർപ്പിച്ച പ്രപ്പോസൽ 24.08.2024 – ന് സിവിൽ, ഇലക്ട്രോ- മെക്കാനിക്കൽ നിരീക്ഷണങ്ങളോടെ പദ്ധതി നിർവഹണ ഏജൻസിക്ക് തിരികെ നൽകിയിരുന്നു. ടി ഫയൽ പദ്ധതി നിർവഹണ ഏജൻസി തിരികെ സമർപ്പിക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി നൽകുന്ന വിഷയം കിഫ്ബി പരിശോധിക്കുന്നതാണ്. ടി പ്രവൃത്തിക്ക് ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റുകൾ പദ്ധതി നിർവ്വഹണ ഏജൻസി ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ